ഭാരത സർക്കാർ
നിയമ മന്ത്രാലയം

# 1979-ലെ കൊപ്ര സെസ്സ് ആക്റ്റ്,

**(1979-ലെ 4-ാം ആക്റ്റ്)**

(1986 മേയ് 1-ാം തീയതി നിലവിലിരുന്ന പ്രകാരം)

# The Copra Cess Act, 1979

(Act No. 4 of 1979)

(As on 1st May, 1986)

©

വില ; 9-85

യൂണിയൻ സർക്കാരിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1986

## ആമുഖം

1986 മേയ് 1-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള 1979-ലെ കൊപ്ര സെസ് ആക്റ്റിന്റെ (1979-ലെ 4-ാം ആക്റ്റ്) മലയാളത്തിലെ ആധികാരിക പരിഭാഷ ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 1986 ജൂലൈ 28-ാം തീയതിയിലെ അസാധാരണ കേന്ദ്ര ഗസറ്റ് XI-ാം ഭാഗം 1-ാം വകുപ്പ് 1-ാം വാല്യം 1-ാ നമ്പരായി ഒന്നു മുതൽ ഏഴു വരെയുള്ള പുറങ്ങളിൽ ഇതു പ്രസിദ്ധീകരിച്ചിരുന്നു.

മലയാളത്തിലെ ഈ ആധികാരിക പരിഭാഷ 1973-ലെ പ്രാധികൃത തർജ്ജമകം (കേന്ദ്ര നിയമങ്ങൾ) ആക്റ്റ് 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് പ്രസിഡന്റ് അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അങ്ങനെ പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലെ ആധികാരിക പരിഭാഷയായിത്തീരുകയും ചെയ്തു.

ന്യൂഡൽഹി,
28-7-1986.

സി. രാമൻ മേനോൻ,
ഭാരത സർക്കാരിന്റെ അഡീഷണൽ സെക്രട്ടറി.

## PREFACE

This Edition of Copra Cess Act, 1976 (Act 4 of 1979) as on 1st May, 1986, contains the authorised translation of that Act in Malayalam and the same was published in the Gazette of India Extraordinary Part XI Section 1, No. 1, Vol 1, dated 28th July, 1986 on pages One to Seven.

This authorised translation in Malayalam was published under the authority of the President under clause (a) of section 2 of the Authorised Translation (Central Law) Act, 1973, and on such publication it became the authorised translation of the Act in Malayalam.

New Delhi,
28-7-1986.

C. RAMAN, MENON,
*Additional Secretary to the Government of India.*

# 1979-ലെ കൊപ്ര സെസ്സ് ആക്റ്റ്

## വകുപ്പുകളുടെ വിന്യാസം


| വകുപ്പുകൾ | | പേജ് |
|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും | .. 1 |
| 2. | നിർവ്വചനങ്ങൾ | .. 1 |
| 3. | സെസ്സ് ചുമത്തൽ | .. 2 |
| 4. | സെസ്സ് പിരിച്ചുകിട്ടിയ തുകയുടെ വിനിയോഗം | .. 2 |
| 5. | കൈവശക്കാരൻ കളക്ടർക്ക് ചില വിവരങ്ങൾ നൽകേണ്ടതാണെന്ന് | .. 2 |
| 6. | പ്രതിമാസ വിവരണപത്രിക നൽകൽ | .. 2 |
| 7. | സെസ്സ് പിരിച്ചെടുക്കൽ | .. 3 |
| 8. | തുക തിട്ടപ്പെടുത്തുന്നതിന്റെ അന്തിമത്വം | .. 3 |
| 9. | ഇന്ത്യയിൽനിന്ന് കയററുമതി ചെയ്ത എണ്ണയുടെമേലുള്ള സെസ്സ് തിരിയെ കൊടുക്കൽ | .. 4 |
| 10. | സർക്കാറിന് കിട്ടാനുള്ള തുക വസൂലാക്കൽ | .. 4 |
| 11. | മില്ലുകൾ പരിശോധിക്കുന്നതിനും കണക്കുകളുടെ പകർപ്പുകൾ എടുക്കുന്നതിനുമുള്ള അധികാരം | .. 4 |
| 12. | ആർജ്ജിച്ച വിവരങ്ങൾ രഹസ്യമായിരിക്കണമെന്ന് | .. 5 |
| 13. | 1944-ലെ കേന്ദ്ര എക്സൈസും ഉപ്പും ആക്റ്റ്, മുതലായവയുടെ വ്യവസ്ഥകൾ ബാധകമാകുമെന്ന് | .. 5 |
| 14. | കുററങ്ങൾ | .. 5 |
| 15. | കമ്പനികൾ ചെയ്യുന്ന കുററങ്ങൾ | .. 6 |
| 16. | പ്രാസിക്യൂഷന്റെ പരിമിതി | .. 6 |
| 17. | കുററങ്ങൾ രാജിയാക്കൽ | .. 6 |
| 18. | ഉത്തമവിശ്വാസത്തോടെ എടുത്ത നടപടിക്ക് സംരക്ഷണം | .. 6 |
| 19. | ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം | .. 7 |
| 20. | 1966-ലെ 15-ാം ആക്റ്റിന്റെ ഭേദഗതി | .. 7 |


1 9-85

# 1979-ലെ കൊപ്ര സെസ്സ് ആക്റ്റ്

## (1979-ലെ 4-ാം ആക്റ്റ്)

[1979, മാർച്ച് 8]

നാളികേര വ്യവസായത്തിന്റെ വികസനത്തിന് കൊപ്രയിന്മേൽ സെസ്സ് ചുമത്തുന്നതിനും അതുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള ആക്റ്റ്

ഇൻഡ്യാ റിപ്പബ്ലിക്കിന്റെ മുപ്പതാം സംവൽസരത്തിൽ പാർലമെന്റ് താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. (1) ഈ ആക്റ്റിന് 1979–ലെ കൊപ്ര സെസ്സ് ആക്റ്റ് എന്നു പേരു പറയാവുന്നതാണ്. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.

(2) ഇതിന് ഇൻഡ്യ മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന തീയതി മുതൽ ഇത് പ്രാബല്യത്തിൽ വരുന്നതാണ്.

2. (1) ഈ ആക്റ്റിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,— നിർവ്വചനങ്ങൾ.

(ക) "ബോർഡ്" എന്നാൽ 1979–ലെ നാളികേര വികസനബോർഡ് ആക്റ്റ്, 4-ാം വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട നാളികേര വികസനബോർഡ് എന്ന് അർത്ഥമാകുന്നു; 1979–ലെ 5.

(ഖ) ''കളക്റ്റർ'' എന്നാൽ ഈ ആക്റ്റിന്റെ വ്യവസ്ഥകളുടെയും ആക്റ്റിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളുടെയും കീഴിൽ ഏതെങ്കിലും നിർദ്ദിഷ്ട പ്രദേശത്ത് കളക്ററുടെ കർത്തവ്യങ്ങൾ നിർവഹിക്കുന്നതിന് കേന്ദ്രസർക്കാർ നിയമിക്കുന്ന ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നതും അതിൽ ആ വ്യവസ്ഥകളിൻ കീഴിൽ തന്റെ കർത്തവ്യങ്ങൾ നിർവഹിക്കുന്നതിനു ലിഖിതമായ ഉത്തരവുവഴി അദ്ദേഹം അധികാരപ്പെടുത്തുന്ന ഏതെങ്കിലും കീഴുദ്യോഗസ്ഥൻ ഉൾപ്പെടുന്നതും ആകുന്നു;

(ഗ) "കൊപ്ര" എന്നാൽ നാളികേരത്തിന്റെ ഉണക്കപ്പെരിപ്പ് എന്നർത്ഥമാകുന്നതും അതിൽ ഭക്ഷ്യയോഗ്യമായ കൊപ്രയും ഉണക്ക നാളികേരവും ഉൾപ്പെടുന്നതും ആകുന്നു;

(ഘ) ''മിൽ'' എന്നാൽ എണ്ണ എടുക്കുന്നതിന് ശക്തിയുടെ സഹായത്തോടെ കൊപ്ര ആട്ടുന്നതോ സാധാരണ ആട്ടാറുള്ളതോ ശക്തിയുടെ സഹായത്തോടെ കൊപ്ര മററുവിധത്തിൽ സംസ്ക്കരിക്കുന്നതോ ആയ ഏതെങ്കിലും കെട്ടിട പരിസരങ്ങൾ അഥവാ അതിന്റെ ഏതെങ്കിലും ഭാഗം എന്ന് അർത്ഥമാകുന്നു.

വിശദീകരണം.—"ശക്തി" എന്നാൽ വിദ്യുച്ഛക്തിയെന്നോ യന്ത്രപ്രേക്ഷകമായതും മനുഷ്യനെക്കൊണ്ടോ മൃഗത്തെക്കൊണ്ടോ ഉത്പാദിതമല്ലാത്തതും ആയ മറേറതെങ്കിലും രൂപത്തിലുള്ള ശക്തിയെന്നോ അർത്ഥമാകുന്നു;

(ങ) ''കൈവശക്കാരൻ'' എന്നതിന്, ഏതെങ്കിലും മിൽ സംബന്ധിച്ച്, മില്ലിന്റെ കാര്യങ്ങളിൽ അന്തിമ നിയന്ത്രണമുള്ള ആളെന്നോ, മില്ലുടമ കൈവശക്കാരനല്ലാത്തപ്പോൾ, മില്ലുടമയെന്നോ അർത്ഥമാകുന്നു;

(ഛ) "എണ്ണ" എന്നാൽ കൊപ്രയിൽ നിന്നും എടുക്കുന്ന എണ്ണ എന്ന് അർത്ഥമാകുന്നു;

(ഝ) "നിർണ്ണയിക്കപ്പെടുന്ന" എന്നതിന് ഈ ആക്ററിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന എന്ന് അർത്ഥമാകുന്നു.

1979-ലെ 5.

(2) ഈ ആക്ററിൽ ഉപയോഗിച്ചിട്ടുള്ളതും നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ 1979—ലെ നാളികേര വികസന ബോർഡ് ആക്ററിൽ നിർവ്വചിച്ചിട്ടുള്ളതുമായ മറെറല്ലാ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും ആ ആക്ററിൽ അവയ്ക്ക് യഥാക്രമം നല്കിയിരിക്കുന്ന അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

സെസ്സ് ചുമത്തൽ.

3. (1) കൊപ്രയിൽനിന്നു ഏതെങ്കിലും സാമാനങ്ങൾ ഉല്പാദിപ്പിക്കാനോ നിർമ്മിക്കാനോ ഉള്ള ലക്ഷ്യത്തോടെ ഭാരതത്തിലുള്ള ഏതെങ്കിലും മില്ലിൽ ഉപയോഗിക്കുന്ന കൊപ്രയുടെമേൽ, ഈ ആക്ററിന്റെ ആവശ്യങ്ങൾക്ക്, കേന്ദ്രസർക്കാർ ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, നിർദ്ദേശിക്കാവുന്ന നിരക്കിൽ സെസ്സായി, ഒരു ക്വിൻറൽ കൊപ്രയ്ക്കു അഞ്ചു രൂപയിൽ കവിയാത്ത എക്സൈസ് ഡ്യൂട്ടി ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യേണ്ടതാകുന്നു:

എന്നാൽ, അങ്ങനെയുള്ള നിരക്ക് കേന്ദ്രസർക്കാർ നിർദ്ദേശിക്കുന്നതുവരെ, എക്സൈസ് ഡ്യൂട്ടി, ഒരു ക്വിൻറൽ കൊപ്രയ്ക്കു അറുപതു പൈസ എന്ന നിരക്കിൽ ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യേണ്ടതാകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ചുമത്താവുന്ന എക്സൈസ് ഡ്യൂട്ടി ഏതു മില്ലിലാണോ കൊപ്ര ഉപയോഗിക്കപ്പെടുന്നത് ആ മില്ലിന്റെ കൈവശക്കാരൻ നൽകേണ്ടതാണ്.

സെസ്സ് പിരിച്ചു കിട്ടിയ തുകയുടെ വിനിയോഗം.

1979-ലെ 5.

4. ഈ ആക്ററിൻകീഴിൽ ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്ത എക്സൈസ് ഡ്യൂട്ടി തുക ആദ്യമായി ഇൻഡ്യയുടെ സഞ്ചിത നിധിയിൽ വരവു വയ്ക്കേണ്ടതും കേന്ദ്രസർക്കാർ, പാർലമെൻറ് ഇതിലേക്ക് നിയമംവഴി ഏർപ്പെടുത്തിയ വിനിയോഗം അപ്രകാരം വ്യവസ്ഥ ചെയ്യുകയാണെങ്കിൽ, അങ്ങനെയുള്ള തുകയിൽനിന്ന് പിരിച്ചെടുപ്പ് ചെലവുകളും 9—ാം വകുപ്പിൻകീഴിൽ തിരിയെ കൊടുത്ത തുക ഏതെങ്കിലും ഉണ്ടെങ്കിൽ അതും കിഴിച്ചശേഷം 1979—ലെ നാളികേര വികസനബോർഡ് ആക്ററിന്റെ ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ, യുക്തമെന്നു കരുതുന്ന തുകകൾ, അതതുസമയം ബോർഡിനു നൽകേണ്ടതുമാകുന്നു.

കൈവശക്കാരൻ കളക്ടർക്ക് ചില വിവരങ്ങൾ നൽകേണ്ടതാണെന്ന്.

5. ഏതൊരു മില്ലിന്റെ കൈവശക്കാരനും,—

(ക) മില്ല് ഈ ആക്ററിന്റെ പ്രാരംഭത്തിനു മുമ്പു സ്ഥാപിച്ചതാണെങ്കിൽ, അങ്ങനെയുള്ള പ്രാരംഭം മുതൽ പതിനാലു ദിവസത്തിനകവും;

(ഖ) മില്ല് ഈ ആക്ററിന്റെ പ്രാരംഭത്തിനുശേഷം സ്ഥാപിച്ചതാണെങ്കിൽ, അങ്ങനെ സ്ഥാപിച്ചതു മുതൽ പതിനാലു ദിവസത്തിനകവും;

താഴെ പറയുന്ന വിവരങ്ങൾ, അതായത്.—

(i) മില്ലിന്റെ പേരും സ്ഥാനവും;

(ii) കൈവശക്കാരന്റെ പേരും മേൽവിലാസവും;

(iii) മില്ല് സംബന്ധിച്ച കത്തിടപാടുകൾ ഏതു മേൽവിലാസത്തിലാണോ അയയ്ക്കേണ്ടത് അതും;

(iv) മില്ലിന്റെ ആകെ ഉല്പാദനശേഷിയും;

അടങ്ങിയ ഒരു സ്റേററുമെൻറ് കളക്ടർക്ക് നൽകേണ്ടതാണ്.

പ്രതിമാസ വിവരണപത്രിക നൽകൽ.

6. (1) ഒരു മില്ലിന്റെ ഏതൊരു കൈവശക്കാരനും തലേമാസം മില്ലിൽ ഉപയോഗിച്ച കൊപ്രയുടെ ആകെ അളവ് കാണിച്ചുകൊണ്ട് ഒരു വിവരണ പത്രിക ഓരോ മാസവും കളക്ടർക്ക് നല്കേണ്ടതാണ്.

(2) (1)—ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള വിവരണപത്രിക, നിർണ്ണയിക്കപ്പെടുന്ന മററു വിവരങ്ങളോടുകൂടി, ഓരോ മാസത്തിന്റെയും ഏഴാം ദിവസത്തിനു മുൻപ് നല്കേണ്ടതാണ്.

(3) അങ്ങനെയുള്ള ഏതൊരു വിവരണപത്രികയും നിർണ്ണയിക്കപ്പെടുന്ന ഫാറത്തിൽ നല്കേണ്ടതും നിർണ്ണയിക്കപ്പെടുന്ന രീതിയിൽ സത്യബോധപ്പെടുത്തേണ്ടതും ആകുന്നു.

7. (1) 6—ാം വകുപ്പിൻകീഴിൽ നല്കിയ ഏതെങ്കിലും വിവരണപത്രിക സ്വീകരിക്കുന്നതിൻമേൽ, കളക്ററർ വിവരണപത്രികയുമായി ബന്ധപ്പെട്ട കാലത്തേക്കുള്ള എക്സൈസ് ഡ്യൂട്ടി തിട്ടപ്പെടുത്തേണ്ടതും, തുക കൊടുത്തു കഴിഞ്ഞിട്ടില്ലെങ്കിൽ, നോട്ടീസു നടത്തി പത്തുദിവസത്തിനകം തിട്ടപ്പെടുത്തിയ തുക നല്കുന്നതിനു മില്ലിന്റെ കൈവശക്കാരനോട് ആവശ്യപ്പെട്ടുകൊണ്ട് അയാളുടെ മേൽ നോട്ടീസു നടത്തിക്കേണ്ടതും ആകുന്നു. സെസ്സ് പിരിച്ചെടുക്കൽ.

(2) ഏതെങ്കിലും മില്ലിന്റെ കൈവശക്കാരൻ 6—ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള വിവരണപത്രിക യഥാസമയം നല്കാതിരിക്കുകയോ, ശരിയല്ലെന്നോ ന്യൂനതയുള്ളതെന്നോ വിശ്വസിക്കാൻ കളക്ററർക്കു കാരണമുള്ള വിവരണപത്രിക നല്കുകയോ ചെയ്യുകയാണെങ്കിൽ, കളക്ററർ, അയാൾ കൊടുക്കേണ്ട തുക, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ, ഏതെങ്കിലും രീതി നിർണ്ണയിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, തിട്ടപ്പെടുത്തേണ്ടതും ആ തിട്ടപ്പെടുത്തൽ കൈവശക്കാരൻ നല്കിയ വിവരണപത്രികയുടെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയിരുന്നാലെന്നപോലെ (1)—ാം ഉപവകുപ്പിലെ വ്യവസ്ഥകൾ അപ്പോൾ ബാധകമാകുന്നതും ആകുന്നു:

എന്നാൽ, ശരിയല്ലെന്നോ ന്യൂനതയുള്ളതെന്നോ വിശ്വസിക്കാൻ തനിക്കു കാരണമുള്ള വിവരണപത്രികയുടെ സംഗതിയിൽ, കൈവശക്കാരന് വിവരണപത്രികയുടെ കൃത്യതയും പൂർണ്ണതയും തെളിയിക്കുന്നതിനു ന്യായമായ അവസരം നൽകാതെ, വിവരണപത്രികയുടെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്താവുന്നതിനേക്കാൾ കൂടുതൽ തുകയ്ക്ക് കളക്ററർ എക്സൈസ് ഡ്യൂട്ടി തിട്ടപ്പെടുത്താൻ പാടില്ലാത്തതാകുന്നു.

(3) (1)—ാം ഉപവകുപ്പിൻകീഴിലുള്ള നോട്ടീസ് മില്ലിന്റെ കൈവശക്കാരന് രജിസ്ററർ ചെയ്ത തപാൽ വഴി അയച്ചോ കൈവശക്കാരനേയോ മില്ലിലുള്ള അയാളുടെ ഏജൻറിനേയോ ഏൽപ്പിച്ചോ ഏൽപ്പിക്കാൻ ഒരുങ്ങിയോ നടത്തേണ്ടതാകുന്നു.

8. (1) 7—ാം വകുപ്പിൻകീഴിൽ തുക തിട്ടപ്പെടുത്തിയതിൻമേൽ സങ്കടക്കാരനായ മില്ലിന്റെ കൈവശക്കാരന്, ആ വകുപ്പ് (1)—ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള നോട്ടീസു നടത്തി മൂന്നു മാസത്തിനകം, തുക തിട്ടപ്പെടുത്തൽ റദ്ദാക്കുന്നതിനോ രൂപഭേദപ്പെടുത്തുന്നതിനോ കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, നിയമിക്കാവുന്ന അധികാരസ്ഥാനത്തിന് അപ്പീൽ ബോധിപ്പിക്കാവുന്നതും, അങ്ങനെയുള്ള അപ്പീലിൻമേൽ മേല്പറഞ്ഞ അധികാര സ്ഥാനത്തിന് തുക തിട്ടപ്പെടുത്തൽ റദ്ദാക്കുകയോ രൂപഭേദപ്പെടുത്തുകയോ ചെയ്യാവുന്നതും, അതതു സംഗതിപോലെ, ഇതിൻകീഴിൽ കൊടുത്ത തുക മുഴുവനുമോ അതിന്റെ ഭാഗമോ അങ്ങനെയുള്ള കൈവശക്കാരനു തിരിയെ കൊടുക്കാൻ ഉത്തരവിടാവുന്നതും ആകുന്നു: തുക തിട്ടപ്പെടുത്തുന്നതിന്റെ അന്തിമതം.

എന്നാൽ അങ്ങനെ നിയമിക്കുന്ന അധികാരസ്ഥാനം തുക തിട്ടപ്പെടുത്തിയ കളക്ടരുടെ പദവിയിൽ താഴെയുള്ളതായിരിക്കാൻ പാടില്ലാത്തതാകുന്നു.

(2) മേല്പറഞ്ഞ മൂന്നുമാസക്കാലത്തിനകം അപ്പീൽ ബോധിപ്പിക്കുന്നതിന് മതിയായ കാരണത്താൽ അപ്പീൽ വാദി തടയപ്പെട്ടിരുന്നുവെന്ന് ബോദ്ധ്യമാവുകയാണെങ്കിൽ, വീണ്ടുമുള്ള ഒരു മാസക്കാലത്തിനകം അത് ബോധിപ്പിക്കുന്നതിന് അപ്പലേററ് അധികാരിക്ക് അനുവദിക്കാവുന്നതാകുന്നു.

(3) ചുമത്തിയിട്ടുള്ള ഏതെങ്കിലും എക്സൈസ് ഡ്യൂട്ടി കുറഞ്ഞുപോയി എന്ന് അപ്പലേററ് അധികാരിക്ക് അഭിപ്രായമുള്ളിടത്ത്, എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിച്ചുകൊണ്ടുള്ള യാതൊരു ഉത്തരവും, നിർദ്ദിഷ്ട ഉത്തരവിനെതിരായി നോട്ടീസ് കിട്ടി ഒരു മാസത്തിനകം കാരണം കാണിക്കണം എന്ന് അപ്പീൽ വാദിക്ക് നോട്ടീസ് നല്കിയല്ലാതെ, പുറപ്പെടുവിക്കാൻ പാടില്ലാത്തതാകുന്നു.

(4) (1)–ാം ഉപവകുപ്പിൻെറയോ (3)–ാം ഉപവകുപ്പിൻെറയോ കീഴിൽ പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവു വഴി സങ്കടമുണ്ടായിട്ടുള്ള ഏതെങ്കിലും ആളിൻെറ അപേക്ഷയിൻമേൽ, അങ്ങനെയുള്ള അപേക്ഷ, അതതു സംഗതിപോലെ, (1)–ാം ഉപവകുപ്പിൻെറയോ (3)–ാം ഉപവകുപ്പിൻെറയോ കീഴിൽ പുറപ്പെടുവിച്ച ഉത്തരവിൻെറ തീയതി മുതൽ ആറുമാസത്തിനകം ബോധിപ്പിക്കുകയാണെങ്കിൽ, കേന്ദ്ര സർക്കാരിന് അങ്ങനെയുള്ള ഉത്തരവ് റദ്ദു ചെയ്യുകയോ രൂപഭേദപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(5) മേല്പറഞ്ഞ ആറുമാസക്കാലത്തിനകം അപേക്ഷ ബോധിപ്പിക്കുന്നതിന് മതിയായ കാരണത്താൽ അപേക്ഷകൻ തടയപ്പെട്ടിരുന്നു എന്ന് ബോദ്ധ്യമാവുകയാണെങ്കിൽ, വീണ്ടുമുള്ള ഒരു മാസക്കാലത്തിനകം അതു ബോധിപ്പിക്കാൻ കേന്ദ്രസർക്കാരിനു അനുവദിക്കാവുന്നതാണ്.

(6) (4)–ാം ഉപവകുപ്പിൻകീഴിലുള്ള കേന്ദ്രസർക്കാരിൻെറ തീരുമാനവും, കേന്ദ്രസർക്കാരിൻെറ തീരുമാനത്തിനു വിധേയമായി, (1)–ാം ഉപവകുപ്പിൻകീഴിലുള്ള അപ്പലേററു അധികാരസ്ഥാനത്തിൻെറ തീരുമാനവും, അന്തിമമായിരിക്കുന്നതാണ്.

**ഇന്ത്യയിൽ നിന്ന് കയററുമതി ചെയ്ത എണ്ണയുടെ മേലുള്ള സെസ്സ് തിരിയെ കൊടുക്കൽ.**

9. കൊപ്രയിൻമേൽ ഏതെങ്കിലും സെസ്സ് ഈ ആക്ററിൻകീഴിൽ ചുമത്തുകയും പിരിച്ചെടുക്കുകയും അങ്ങനെയുള്ള മുഴുവൻ കൊപ്രയിൽ നിന്നോ അതിൻെറ ഏതെങ്കിലും ഭാഗത്തിൽ നിന്നോ എടുത്ത എണ്ണ ഭാരതത്തിൽ നിന്നു കയററുമതി ചെയ്തിരിക്കുകയും ചെയ്യുന്നിടത്ത്, കേന്ദ്രസർക്കാർ, നിർണ്ണയിക്കപ്പെടുന്ന വ്യവസ്ഥകൾക്കു വിധേയമായി, അപ്രകാരം കയററുമതി ചെയ്ത എണ്ണ എടുത്ത കൊപ്ര സംബന്ധിച്ച് പിരിച്ചെടുത്ത സെസ്സിനു തുല്യമായി വരുന്നത്ര സെസ്സു തുക അങ്ങനെയുള്ള കൊപ്ര ഭാരതത്തിൽ ഉല്പാദിപ്പിച്ചതാകട്ടെ ഇറക്കുമതി ചെയ്തതാകട്ടെ, ഏതു മില്ലിൻെറ കൈവശക്കാരനിൽനിന്നാണോ അങ്ങനെയുള്ള സെസ്സു പിരിച്ചെടുത്തത്, അയാൾക്ക് തിരിയെകൊടുക്കേണ്ടതാണ്.

**സർക്കാരിനു കിട്ടാനുള്ള തുക വസൂലാക്കൽ.**

10. ഈ ആക്ററിൻകീഴിൽ ഏതെങ്കിലും ആളിൽനിന്നു ആവശ്യപ്പെട്ട ഏതെങ്കിലും എക്സൈസ് ഡ്യൂട്ടിയോ ഏതെങ്കിലും ആരം കൊടുക്കേണ്ട മറേറതെങ്കിലും തുകയോ കൊടുക്കാത്തിടത്ത്—

(ക) അങ്ങനെയുള്ള ആൾക്ക് കൊടുക്കേണ്ട പണം തൻെറയോ മറേറതെങ്കിലും ഉദ്യോഗസ്ഥൻെറയോ നിയന്ത്രണത്തിലുള്ളപ്പോൾ അതിൽ നിന്ന് അങ്ങനെ കൊടുക്കേണ്ട തുക കളക്ററർക്ക് കിഴിക്കാവുന്നതും; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള ആളിൻെറ വക ഏതെങ്കിലും സാമാനങ്ങൾ തൻെറയോ മറേറതെങ്കിലും ഉദ്യോഗസ്ഥൻെറയോ നിയന്ത്രണത്തിൻ കീഴിലുള്ളപ്പോൾ അവ തടഞ്ഞുവച്ച് വിററ് അപ്രകാരം കൊടുക്കേണ്ട തുക കളക്ററർക്കു വസൂലാക്കാവുന്നതും; അല്ലെങ്കിൽ

(ഗ) (ക) ഖണ്ഡത്തിലോ (ഖ) ഖണ്ഡത്തിലോ വ്യവസ്ഥ ചെയ്യുന്ന രീതിയിൽ അങ്ങനെയുള്ള ആളിൽനിന്നു തുക വസൂലാക്കാൻ കഴിയുന്നില്ലെങ്കിൽ, കളക്ടർ, അയാളിൽനിന്നു കിട്ടേണ്ട തുക നിർദ്ദേശിച്ചു കൊണ്ട് താൻ ഒപ്പിട്ട ഒരു സർട്ടിഫിക്കററു തയ്യാറാക്കേണ്ടതും അയാൾക്കു വസ്തു ഉള്ളതോ അയാൾ താമസിക്കുന്നതോ ബിസിനസ്സ് നടത്തുന്നതോ ആയ ജില്ലയിലെ കളക്ടർക്ക് അയച്ചു കൊടുക്കേണ്ടതും മേല്പറഞ്ഞ കളക്ററർ അങ്ങനെയുള്ള സർട്ടിഫിക്കററ് ലഭിക്കുന്നതിൻമേൽ അതിൽ നിർദ്ദേശിക്കുന്ന തുക ഭൂനികുതിക്കുടിശ്ശികയായിരുന്നാൽ എന്നപോലെ മേല്പറഞ്ഞ ആളിൽനിന്ന് വസൂലാക്കാൻ നടപടി എടുക്കേണ്ടതും ;

ആകുന്നു.

**മില്ലുകൾ പരിശോധിക്കുന്നതിനും കണക്കുകളുടെ പകർപ്പുകൾ എടുക്കുന്നതിനുമുള്ള അധികാരം.**

11. (1) കളക്ടർക്കും സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി കേന്ദ്രസർക്കാർ ഇതിലേക്ക് അധികാരപ്പെടുത്തുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനും പ്രവർത്തി സമയങ്ങളിൽ ന്യായമായ ഏത് സമയത്തും ഏത് മില്ലിലും മില്ലിൻെറ ഏത് ഭാഗത്തും പ്രവേശിക്കാൻ സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്.

(2) കളക്ടർക്കോ മറേറതെങ്കിലും ഉദ്യോഗസ്ഥനോ പ്രവൃത്തി സമയങ്ങളിൽ ഏതു് സമയത്തും കൈവശക്കാരനു നോട്ടീസു കൊടുത്തിട്ടോ കൊടുക്കാതെയോ, ഏതു് മില്ലിലേയും ക്രയവിക്രയങ്ങളുടെയും സ്റേറാക്കിൻെറയും രേഖകളും കണക്കുകളും പരിശോധിക്കാവുന്നതും, ഏതെങ്കിലും വിവരണപത്രികയുടെ കൃത്യത പരിശോധിക്കുന്നതിനോ ഈ ആക്ററിൻെറയോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളുടെയോ ആവശ്യത്തിനു വിവരം ആവശ്യമുള്ള വസ്തുതകളെപ്പററി സ്വയം ബോദ്ധ്യപ്പെടുന്നതിനോ മേല്പറഞ്ഞ എല്ലാ രേഖകളുടെയും കണക്കുകളുടെയും അല്ലെങ്കിൽ അവയിൽ ഏതിൻെറയെങ്കിലും പകർപ്പുകളോ സംഗ്രഹമോ എടുക്കാവുന്നതും ആകുന്നു:

എന്നാൽ ഈ വകുപ്പിലുള്ള യാതൊന്നും ഏതെങ്കിലും ഉല്പാദനപ്രക്രിയയുടെ ഏതെങ്കിലും വിവരണത്തിൻെറയോ ഫാർമുലകളുടെയോ പരിശോധനക്കു അധികാരപ്പെടുത്തുന്നതായി കരുതാൻ പാടുള്ളതല്ല.

ആർജ്ജിച്ച വിവരങ്ങൾ രഹസ്യമായിരിക്കണമെന്നു്.

12. (1) അങ്ങനെയുള്ള എല്ലാ പകർപ്പുകളും സംഗ്രഹങ്ങളും ഏതെങ്കിലും പരിശോധനയിൽനിന്നോ ഈ ആക്ററിൻ കീഴിൽ സമർപ്പിച്ച ഏതെങ്കിലും വിവരണപത്രികയിൽ നിന്നോ കളക്ററരോ മറേറതെങ്കിലും ഉദ്യോഗസ്ഥനോ ആർജ്ജിച്ച എല്ലാ വിവരങ്ങളും രഹസ്യമായി കരുതേണ്ടതാകുന്നു.

(2) കളക്ടറോ അങ്ങനെയുള്ള മറേറതെങ്കിലും ഉദ്യോഗസ്ഥനോ മേൽപറഞ്ഞ ഏതെങ്കിലും വിവരങ്ങൾ, കേന്ദ്ര സർക്കാരിൻേറയോ നിർണ്ണയിക്കപ്പെടുന്ന മററു അധികാര സ്ഥാനത്തിൻേറയോ മുന്നനുമതി കൂടാതെ മേലുദ്യോഗസ്ഥനല്ലാത്ത ഏതെങ്കിലും ആൾക്കു് വെളിപ്പെടുത്തുകയാണെങ്കിൽ, അയാൾ ആറുമാസം വരെ ആകാവുന്ന കാലത്തേക്കുള്ള തടവ്നല്കി ശിക്ഷിക്കപ്പെടുന്നതും പിഴയ്ക്കു കൂടി അർഹനായിരിക്കുന്നതും ആകുന്നു:

എന്നാൽ ഈ വകുപ്പിലുള്ള യാതൊന്നും, ഈ ആക്ററിൻകീഴിൽ വ്യാജമായ വിവരണപത്രിക നല്കിയതു് സംബന്ധിച്ച പ്രാസിക്യൂഷൻെറ ആവശ്യത്തിനു അങ്ങനെയുള്ള ഏതെങ്കിലും വിവരം വെളിപ്പെടുത്തുന്നതിനു ബാധകമല്ലാത്തതാകുന്നു.

1944-ലെ കേന്ദ്ര എക്സൈസും ഉപ്പും ആക്ററ് മുതലായവയുടെ വ്യവസ്ഥകൾ ബാധകമാകുമെന്നു്.

13. 1944-ലെ (1944-ലെ 1) കേന്ദ്ര എക്സൈസും ഉപ്പും ആക്ററിലേയും അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലേയും വ്യവസ്ഥകൾ, തിരിയെക്കൊടുക്കലുകളും ഡ്യൂട്ടിയിൽനിന്നു ഒഴിവാക്കലുകളും സംബന്ധിച്ചവ ഉൾപ്പെടെ, ആകാവുന്നിടത്തോളം, അവ ആ ആക്ററിൻകീഴിൽ കേന്ദ്രസർക്കാരിനു കൊടുക്കേണ്ട ഡ്യൂട്ടി ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നതു് സംബന്ധിച്ചു് ബാധകമാകുന്നതുപോലെ, ഈ ആക്ററിൻ കീഴിൽ കൊപ്രയുടെ മേൽ ഡ്യൂട്ടി ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നതു സംബന്ധിച്ചു് ബാധകമാകുന്നതാണു്.

കുററങ്ങൾ.

14. (1) ആരാണോ—

(ക) ഈ ആക്ററിൻകീഴിൽ കൊടുക്കേണ്ട എക്സൈസ് ഡ്യൂട്ടി കൊടുക്കുന്നതിൽനിന്നു് ഒഴിഞ്ഞുമാറുകയോ; അല്ലെങ്കിൽ

(ഖ) ഈ ആക്ററിനാലോ അതിൻ കീഴിലോ ഏതെങ്കിലും വിവരണപത്രികയോ വിവരങ്ങളോ നൽകാൻ ബാദ്ധ്യതപ്പെട്ടിരിക്കേ അതു് നല്കാതിരിക്കുകയോ സാരവത്തായ വിവരങ്ങളിൽ അസത്യമായതോ സത്യമാണെന്നു് താൻ വിശ്വസിക്കാത്തതോ ആയ വിവരണ പത്രികയോ വിവരമോ നല്കുകയോ; അല്ലെങ്കിൽ

(ഗ) കളക്ടർക്കോ മറേറതെങ്കിലും ഉദ്യോഗസ്ഥനോ ഈ ആക്ററിൻേറയോ അതിൻകീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളുടേയോ കീഴിലുള്ള തൻെറ കർത്തവ്യങ്ങൾ നിർവഹിക്കുന്നതിൽ തടസ്സമുണ്ടാക്കുകയോ;

ചെയ്യുന്നതു്, അയാൾ ആറു മാസം വരെയാകാവുന്ന കാലത്തേക്കുള്ള തടവോ രണ്ടായിരം രൂപ വരെയാകാവുന്ന പിഴയോ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണു്.

(2) ഈ ആക്ററിൻകീഴിൽ ഒരു കുററം വിചാരണചെയ്യുന്ന കോടതിക്ക്, ഏതു കൊപ്ര സംബന്ധിച്ചാണോ ഈ ആക്ററിൻകീഴിൽ ശിക്ഷാർഹമായ ഒരു കുററം ചെയ്തിട്ടുണ്ടെന്ന് കോടതിക്ക് ബോദ്ധ്യമാകുന്നത്, ആ കൊപ്ര സർക്കാരിലേക്ക് കണ്ടുകെട്ടാൻ നിർദ്ദേശിക്കാവുന്നതും കൊപ്ര വച്ചിരിക്കുന്ന എല്ലാ സഞ്ചികളും മൂടികളും അങ്ങനെയുള്ള കൊപ്ര കൊണ്ടുപോകാൻ ഉപയോഗിച്ച ഏതൊരു മൃഗത്തേയും വാഹനത്തേയും ജലയാനത്തേയും മററു യാനത്തേയും കൂടി സർക്കാരിലേക്ക് കണ്ടുകെട്ടാൻ നിർദ്ദേശിക്കാവുന്നതും ആകുന്നു.

കമ്പനികഠം ചെയ്യുന്ന കുററങ്ങഠം.

15. (1) ഈ ആക്ററിൻകീഴിലുള്ള ഒരു കുററം ഒരു കമ്പനി ചെയ്തിട്ടുള്ളിടത്ത്, കമ്പനിക്കു പുറമേ, കുററം ചെയ്യുന്ന സമയത്ത് കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിന് കമ്പനിയുടെ ചാർജ് ഉണ്ടായിരുന്നതും കമ്പനിയോട് ഉത്തരവാദപ്പെട്ടിരുന്നതുമായ ഏതൊരാളും കുററത്തിന് അപരാധിയാണെന്നു കരുതപ്പെടുന്നതും അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും അർഹരായിരിക്കുന്നതും ആകുന്നു:

എന്നാൽ ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും, അങ്ങനെയുള്ള ഏതെങ്കിലും ആളെ, കുററം ചെയ്യപ്പെട്ടത് തന്റെ അറിവുകൂടാതെയാണെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള കുററം ചെയ്യുന്നതു തടയാൻ താൻ വേണ്ടത്ര എല്ലാ ശ്രദ്ധയും ചെലുത്തിയിരുന്നുവെന്നോ അയാഠം തെളിയിക്കുന്നു എങ്കിൽ, ഏതെങ്കിലും ശിക്ഷയ്ക്ക് അർഹനാകുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ററിൻകീഴിലുള്ള ഏതെങ്കിലും കുററം ഒരു കമ്പനി ചെയ്യുകയും ആ കുററം, കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടേയോ മാനേജരുടേയോ സെക്രട്ടറിയുടേയോ മററ് ഉദ്യോഗസ്ഥന്റേയോ സമ്മതത്തോടോ മൗനാനുവാദത്തോടോ കൂടി ചെയ്തിട്ടുണ്ടെന്നോ, അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷ നിമിത്തമാണെന്നു കല്പിക്കപ്പെടാവുന്നതാണെന്നോ, തെളിയിക്കുകയും ചെയ്തിട്ടുള്ളിടത്ത്, അങ്ങനെയുള്ള ഡയറക്ടറോ, മാനേജരോ, സെക്രട്ടറിയോ മററു ഉദ്യോഗസ്ഥനോ, ആ കുററത്തിനു അപരാധിയാണെന്നു കരുതപ്പെടുന്നതും അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും അർഹനായിരിക്കുന്നതും ആകുന്നു.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങഠംക്ക്,—

(ക) "കമ്പനി" എന്നാൽ ഏതെങ്കിലും ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും അതിൽ ഒരു ഫേമും വ്യക്തികളുടെ മററു സമാജവും ഉഠംപ്പെടുന്നതും ആകുന്നു;

(ഖ) "ഡയറക്ടർ" എന്നാൽ, ഒരു ഫേമിനെ സംബന്ധിച്ചിടത്തോളം, ഫേമിലെ പങ്കാളി എന്നർത്ഥമാകുന്നു.

പ്രാസിക്യൂഷന്റെ പരിമിതി.

16. കളക്ടറർക്കോ കളക്ടററുടെ സമ്മതത്തോടെയോ അല്ലാതെ ഈ ആക്ററിൻകീഴിൽ ശിക്ഷാർഹമായ ഏതെങ്കിലും കുററത്തിന് ഏതെങ്കിലും ആളിനെതിരായി യാതൊരു പ്രാസിക്യൂഷനും ആരംഭിക്കാൻ പാടില്ലാത്തതാകുന്നു.

കുററങ്ങഠം രാജിയാക്കൽ.

17. കളക്ടററോ ഇതിലേക്ക് അദ്ദേഹം അധികാരപ്പെടുത്തുന്ന മറേറതെങ്കിലും ഉദ്യോഗസ്ഥനോ, അതതു സംഗതിപോലെ, ഉചിതമെന്ന് കരുതുന്ന തുക ഈ ആക്ററിന്റെ ആവശ്യത്തിന് കേന്ദ്രസർക്കാരിന് കൊടുക്കുന്നതിൻമേൽ, കളക്ടറർക്കോ മററുദ്യോഗസ്ഥനോ ഈ ആക്ററിൻകീഴിൽ ശിക്ഷാർഹമായ ഏതൊരു കുററവും പ്രാസിക്യൂഷൻ നടപടികഠം ആരംഭിക്കുന്നതിനു മുമ്പോ അതിനുശേഷമോ രാജിയാക്കാവുന്നതാണ്.

ഉത്തമ വിശ്വാസത്തോടെ എടുത്ത നടപടിക്ക് സംരക്ഷണം.

18. ഈ ആക്ററിന്റേയോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിന്റേയോ ഉത്തരവിന്റേയോ കീഴിൽ ഉത്തമ വിശ്വാസത്തോടെ ചെയ്തതോ, ചെയ്യാൻ ഉദ്ദേശിച്ചതോ, ആയ എന്തെങ്കിലും സംബന്ധിച്ച് കേന്ദ്രസർക്കാരിനോ കേന്ദ്രസർക്കാർ അധികാരപ്പെടുത്തിയ ഏതെങ്കിലും ആളിനോ എതിരായി യാതൊരു വ്യവഹാരമോ പ്രാസിക്യൂഷനോ മററ് നിയമനടപടിയോ ഉണ്ടായിരിക്കുന്നതല്ല.

**19.** (1) ഈ ആക്ററിലെ വ്യവസ്ഥകഠം നടപ്പിലാക്കുന്നതിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, കേന്ദ്രസർക്കാരിന് ചട്ടങ്ങഠം ഉണ്ടാക്കാവുന്നതാണ്. **ചട്ടങ്ങഠം ഉണ്ടാക്കാനുള്ള അധികാരം.**

(2) പ്രത്യേകിച്ചും, മേല്പറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്കു ഭംഗം വരാത്തവിധത്തിലും, അങ്ങനെയുള്ള ചട്ടങ്ങളിൽതാഴെപ്പറയുന്ന എല്ലാ കാര്യങ്ങഠംക്കും, അഥവാ അവയിൽ ഏതെങ്കിലും ഒന്നിനു, വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്—

(ക) 6–ാം വകുപ്പ് (2)–ാം ഉപവകുപ്പിൻകീഴിൽ മില്ലു കൈവശക്കാരൻ പ്രതിമാസ വിവരണ പത്രികയിൽ നല്കേണ്ട വിവരങ്ങഠം;

(ഖ) ഏതൊരു മില്ലു കൈവശക്കാരനും കളക്ടർക്ക് സമർപ്പിക്കേണ്ട പ്രതിമാസ വിവരണ പത്രികയുടെ ഫാറവും അങ്ങനെയുള്ള വിവരണ പത്രികകഠം 6–ാം വകുപ്പ് (3)–ാം ഉപവകുപ്പിൻകീഴിൽ സത്യബോധപ്പെടുത്തേണ്ട വിധവും;

(ഗ) യാതൊരു വിവരണപത്രികയും നല്കിയിട്ടില്ലാതിരിക്കുകയോ, നല്കിയ വിവരണ പത്രിക ശരിയല്ലെന്നോ ന്യൂനതയുള്ളതെന്നോ കളക്ററർ വിശ്വസിക്കുകയോ, ചെയ്യുന്നിടത്ത് 7–ാം വകുപ്പ് (2)–ാം ഉപവകുപ്പിൻ കീഴിൽ എക്സൈസ് നികുതി തിട്ടപ്പെടുത്തേണ്ട രീതി;

(ഘ) 9–ാം വകുപ്പിൻകീഴിൽ തുക തിരിയെക്കൊടുക്കുന്നതു ഏതു വ്യവസ്ഥകഠംക്കു വിധേയമായിട്ടാണോ, അവ;

(ങ) 12–ാം വകുപ്പ് (2)–ാം ഉപവകുപ്പിൻകീഴിൽ ഏത് അധികാരസ്ഥാനത്തിൻെറ മുന്നനുവാദം കൂടാതെയാണോ വിവരങ്ങഠം വെളിപ്പെടുത്താൻ പാടില്ലാത്തത് ആ അധികാരസ്ഥാനം;

(ച) നിർണ്ണയിക്കണമെന്ന് അനുശാസിക്കപ്പെടുന്നതോ ആവശ്യമുള്ളതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറേറതെങ്കിലും കാര്യം;

(3) ഈ ആക്ററിൻകീഴിൽ കേന്ദ്ര സർക്കാർ ഉണ്ടാക്കിയ ഏതൊരു ചട്ടവും, അതു ഉണ്ടാക്കിയശേഷം ആകാവുന്നത്ര വേഗത്തിൽ, പാർലമെൻറിൻെറ ഓരോ സഭയുടെയും മുമ്പാകെ അതു സമ്മേളനത്തിലായിരിക്കുമ്പോഠം, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതു ദിവസക്കാലത്തേക്കു വയ്ക്കേണ്ടതും, മുൻ പറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായ സമ്മേളനങ്ങഠംക്കോ തൊട്ടടുത്തു വരുന്ന സമ്മേളനം അവസാനിക്കുന്നതിനു മുമ്പ് ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടത്തിൻ കീഴിൽ മുമ്പു ചെയ്ത എന്തിൻെറയെങ്കിലും സാധുതയ്ക്കു ഭംഗം വരാത്തവിധത്തിലായിരിക്കുന്നതാണ്.

**20.** 1966–ലെ ഉല്പന്ന സെസ്സ് ആക്ററിൽ,—

(ക) 2–ാം വകുപ്പ് (ഛ) ഖണ്ഡം (ii)–ാം ഉപഖണ്ഡത്തിൽ,— **1966-ലെ 15-ാം ആക്ററിൻെറ ഭേദഗതി**

(i) ''കൊപ്ര അല്ലെങ്കിൽ'' എന്ന വാക്കുകഠം വരുന്ന രണ്ടിടത്തും അവ വിട്ടു കളയേണ്ടതാകുന്നു;

(ii) "അതതുസംഗതിപോലെ" എന്ന വാക്കുകഠം വിട്ടുകളയേണ്ടതാകുന്നു;

(ഖ) 6–ാം വകുപ്പിൽ ''അല്ലെങ്കിൽ കൊപ്ര'' എന്ന വാക്കുകഠം വരുന്ന രണ്ടിടത്തും അവ വിട്ടുകളയേണ്ടതാകുന്നു;

(ഗ) രണ്ടാം പട്ടികയിൽ 2–ാം ക്രമ നമ്പരും അതിനോടു ബന്ധപ്പെട്ടതും 2, 3, 4 എന്നീ കാളങ്ങളിലുള്ള ഉഠംക്കുറിപ്പുകളും വിട്ടുകളയേണ്ടതാകുന്നു.

C. RAMAN MENON,
*Additional Secretary to the Government of India.*

3/2715/S